# കേരള സർക്കാർ

<u>സംഗ്രഹം</u>

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ സമൃദ്ധ്.എം.എസ് ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം.2727/2016/തസ്വഭവ തീയതി, തിരുവനന്തപുരം,24/09/2016**

---

പരാമർശം : 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10/03/2016 ലെ ഇ 5-15158/158/15 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ **26/05/2015** ലെ ഇ 6-1855/2016 നമ്പർ കത്ത്.

3. ശ്രീ സമൃദ്ധ്.എം.എസ് ന്റെ 14/12/2015 ലെ അപേക്ഷ

### <u>ഉത്തരവ്</u>

സെറിഫെഡിൽ നിന്നും പുനർവിന്യാസം മുഖേന പഞ്ചായത്ത് വകുപ്പിൽ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്താഫീസിൽ 02.08.2010-ൽ സേവനത്തിൽ പ്രവേശിച്ച ക്ലാർക്ക് ശ്രീ സമൃദ്ധ്.എം.എസ് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 02/08/2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 31/01/2014 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01/02/2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02/02/2014 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

പരാമർശം 2 ലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക്

**(മറുപുറം...)**

ശ്രീ സമൃദ്ധ്.എം.എസ് എം.ഒ.പി പരീക്ഷ വിജയിച്ച 31/01/2014 ന്റെ തൊട്ടടുത്ത ദിവസമായ 01/02/2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02/02/2014 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്താഫീസ്, എറണാകുളം.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(128/ഇ.പി.എ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ